# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2040

22.01.2014- ൽ മറുപടിക്ക്

## മാരിടൈം സർവ്വകലാശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മാരിടൈം സർവ്വകലാശാല സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) കേരള മാരിടൈം സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് മുൻകേന്ദ്ര ഷിപ്പിംഗ് സെക്രട്ടറിയും, നിലവിൽ കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ചെയർമാനുമായ ശ്രീ. കെ.മോഹൻദാസ് ഒരു ആശയരേഖ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രേഖ പ്രകാരം സർവ്വകലാശാല സ്ഥാപിക്കുന്നതിനായി 20 ഹെക്ടർ ഭൂമി കണ്ടെത്തേണ്ടതുണ്ട്. കൂടാതെ കേന്ദ്ര സാമുദ്രിക സർവ്വകലാശാല സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ കൊച്ചി, പനങ്ങാട് എന്നിവിടങ്ങളിൽ വാഗ്ദാനം ചെയ്ത 60 ഏക്കർ ഭൂമി വെസ്റ്റ് കോസ്റ്റ് മാരിടൈം സർവ്വകലാശാല സ്ഥാപിക്കുന്നതിനായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ഷിപ്പിംഗ് മേഖലയുമായി ബന്ധപ്പെട്ട് ആഗോള തലത്തിൽ കേവലം 6% ഇന്ത്യാക്കാർ മാത്രമാണ് ഉപജീവനം നടത്തുന്നത്. ഈ മേഖലയിൽ വരും വർഷങ്ങളിൽ ഉണ്ടാകാൻ പോകുന്ന ജോലി സാധ്യത മുതലെടുക്കാനും തൻമൂലം കൂടുതൽ ഇന്ത്യാക്കാർക്ക് പ്രത്യേകിച്ച് കേരളത്തിലെ യുവജനങ്ങൾക്ക് ഇന്ത്യയിലും വിദേശത്തും തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസവും, പരിശീലനവും നൽകേണ്ടതുണ്ട്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര മാരിടൈം സർവ്വകലാശാല അവിടെ അഫിലിയേറ്റ് ചെയ്തിരിക്കുന്ന ചുരുക്കം ചില സ്വകാര്യ സ്ഥാപനങ്ങളുമാണ് ഇപ്പോൾ മാരിടൈം വിദ്യാഭ്യാസത്തിന് ചുക്കാൻ പിടിക്കുന്നത്. ഈ മേഖലയിലെ വർദ്ധിച്ചുവരുന്ന ഉന്നത |

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ മുൻനിർത്തിയാണ് സംസ്ഥാന സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) മാരിടൈം മേഖല വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) മാരിടൈം മേഖലയിൽ പ്രധാനമായും ജോലി സാധ്യത രണ്ടു തരത്തിലാണ്. കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ടുള്ള ജോലിയും ; തുറമുഖങ്ങളുമായി ബന്ധപ്പെട്ടുള്ള ജോലിയും, ഈ മേഖലകളിൽ ഉന്നത നിലവാരമുള്ള ഉദ്യോഗാർത്ഥികളെ വാർത്തെടുക്കുവാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള കോഴ്സുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. Nautical Science, മറൈൻ എഞ്ചിനീയറിംഗ്, മാരിടൈം ബിസിനസ്, മാരിടൈം ലോ, സപ്ലൈ ചെയിൻ മാനേജ്മെന്റ്, മാരിടൈം ഹിസ്റ്ററി, മാരിടൈം മാനേജ്മെന്റ് എന്നീ മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള കോഴ്സുകൾ ആയിരിക്കും നടത്തുന്നത്

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രെയിനിംഗ് കോർഡിനേറ്റർ ടീം ലീഡറായി വെസ്റ്റ് കോസ്റ്റ് മാരിടൈം സർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കുറിച്ച് Detailed Projecct Report (DPR) സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ തുറമുഖ വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടിണ്ട്.

സെക്ഷൻ ഓഫീസർ